പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3733** **20.06.2019 - ൽ മറുപടിക്ക്.**

## കോതമംഗലം താലൂക്കിലെ അനർഹരായ മുൻഗണനാ റേഷൻ കാർഡുകാർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ ലഭിച്ചവർ പലരും അനർഹരാണെന്നത് സംബന്ധിച്ച് എത്ര പരാതികൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | മുൻഗണനാ വിഭാഗത്തിലെ അനർഹരെക്കുറിച്ച് രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ലായെങ്കിലും, ഇത് സംബന്ധിച്ച സൂക്ഷ്മ പരിശോധനയിൽ മുൻഗണനാ വിഭാഗത്തിൽ നിന്നും 1563 കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള അറിയിപ്പുകൾ നൽകിയും റേഷനിംഗ് ഇൻസ്പെക്ടർമാർ ഫീൽഡ് പരിശോധന നടത്തിയും അനർഹമായ കാർഡുകൾ കണ്ടെത്തിയിട്ടുണ്ട്. അനർഹമായി ഭക്ഷ്യധാന്യം കൈപ്പറ്റിയ കാലയളവിലെ റേഷൻ സാധനങ്ങളുടെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ച എത്ര പേരെ കോതമംഗലം താലൂക്കിൽ കണ്ടെത്തിയിട്ടുണ്ട്; ഇവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (സി) നിലവിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി എത്ര അപേക്ഷകളാണ് കോതമംഗലം താലൂക്കിൽ ഉള്ളതെന്നും ഇതിൽ എത്രപേരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയെന്നും വ്യക്തമാക്കാമോ; | (സി) യും (ഡി) യും | മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ലഭിച്ച 1918 അപേക്ഷകളിൽ നിന്നും അർഹരായ 966 പേരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇനി 802 അപേക്ഷകൾ ശേഷിക്കുന്നു. |
| (ഡി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ അർഹരായ അപേക്ഷകരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**